പ്ലസ്‌വൺ പ്രവേശനത്തിന് അപേക്ഷിക്കാം

കാസർകോട്: പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പെൺകുട്ടികൾക്ക് മാത്രമായി പ്രവർത്തിക്കുന്ന പരവനടുക്കം ഗവ. മോഡൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂളിൽ 2020-21 അധ്യയന വർഷം പ്ലസ് വൺ (സയൻസ്, കൊമേഴ്സ്) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ, കാസർകോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, ജില്ലയിലെ വിവിധ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകൾ, സ്കൂൾ ഓഫീസ്എന്നിവിടങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും. അവസാന തീയ്യതി ആഗസ്റ്റ് 14. കൂടുതൽ വിവരങ്ങൾക്ക് 9496838960 എന്ന നമ്പറിൽ ബന്ധപ്പെടാം.

കാഞ്ഞങ്ങാട് നഗരസഭയിലെ രണ്ട് റോഡുകൾക്ക് ഒന്നര കോടി രൂപയുടെ ഭരണാനുമതി

കാഞ്ഞങ്ങാട്:മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് നഗരസഭയിലെ രണ്ട് റോഡുകൾക്കായി 1.5 കോടി രൂപയുടെ ഭരണാനുമതി.കുന്നുമ്മൽ മേലാങ്കോട്ട് നെല്ലിക്കാട്ട് ചെമ്മട്ടംവയൽ റോഡിന് ഒരു കോടി രൂപയും കുറുന്തൂർ സർഗചേതന റോഡിനു 50 ലക്ഷം രൂപയുമാണ് അനുവദിച്ചത്. പദ്ധതിയുടെ നിർവഹണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുക. റോഡുകളുടെ പ്രവർത്തനവും പരിപാലനവും രണ്ട് വർഷത്തേക്ക് ഉറപ്പുവരുത്തണം എന്ന നിബന്ധനയോടെയും ആണ് ടെൻഡർ നടപടികളെടുക്കുകയാണ് ചെയർമാൻ വി.വി.രമേശൻ പറഞ്ഞു.

ഫസ്റ്റ്‌ലൈൻ ട്രീറ്റ്മെന്റ് സെന്ററിൽ പെരുന്നാൾ വിരുന്നൊരുക്കി ചന്ദ്രഗിരി ലയൺസ്ക്ലബ്ബ്

കാസർകോട്: കോവിഡ് രോഗികൾക്ക് ലയൺസ് ക്ലബ്ബ് ഓഫ് ചന്ദ്രഗിരിയുടെ സ്നേഹസ്പർശം. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലെ രോഗികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്ന പദ്ധതിയാണ് സ്നേഹ സ്പർശം. ബലി പെരുന്നാളിനോടനുബന്ധിച്ച് ഉദയഗിരി കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റിൽ സെന്ററുകളിൽ കഴിയുന്നവർക്ക് ബിരിയാണി നൽകി ലയൺസ് ക്ലബ്ബ് സ്നേഹവിരുന്നൊരുക്കി. പെരുന്നാൾ തലേന്ന് പരവനടുക്കം സെന്ററിൽ മേൽപറമ്പ് പൊലീസ് ഇൻസ്പെക്ടർ ബെന്നിലാൽ സൂപ്രണ്ട് ഡോക്കായിഞ്ഞിയെ ഏൽപിച്ചു സ്നേഹസ്പർശം പദ്ധതിക്ക് തുടക്കം കുറിച്ചു. ചന്ദ്രഗിരി ലയൺസ് ക്ലബ്ബ് പ്രസിഡണ്ട് ഫാറൂഖ് കാസ്മി സംബന്ധിച്ചു.

സംസ്കൃതദിനം ആചരിച്ചു

തച്ചങ്ങാട്: സംസ്കൃതദിനം തച്ചങ്ങാട് ഗവ.ഹൈസ്കൂൾ ഓൺലൈൻ വഴി ആഘോഷിച്ചു. പ്രശസ്ത സംസ്കൃതവാർത്താവതാരകനും പ്രസാർ ഭാരതി ഉപദേശസമിതി അംഗവുമായ ഡോ. ബലദേവാനന്ദ സാഗര കുട്ടികൾക്ക് ഓൺലൈൻ വീഡിയോസന്ദേശം നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. സംസ്കൃതഭാഷയുടെ പ്രചാരവും പഠനവും ഉദ്ദേശിച്ചു കൊണ്ടാണ് മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി 1969 ൽ ദേശീയ സംസ്കൃത ദിനം പ്രഖ്യാപിച്ചത്. ഒരാഴ്ച നീണ്ടു നിൽക്കുന്ന സംസ്കൃതപരിപാടികളിൽ ക്വിസ് മത്സരം, പ്രസംഗ മത്സരം, ആലാപനസ്പർധ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ പ്രധാനാധ്യാപകൻ വിജയകുമാർ സംസ്കൃത സുഭാഷിതങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് സന്ദേശം കൈമാറി. സംസ്കൃതാധ്യാപകൻ ഡോ.സുനിൽകുമാർ സംസ്കൃതവാരാചരണ പരിപാടികൾക്ക് നേതൃത്വം നൽകി. സ്റ്റാഫ് സെക്രട്ടറി അജിത, എസ്. ആർ.ജി കൺവീനർ പ്രഭാവതി, പ്രണാബ് കുമാർ, അഭിലാഷ് പ്രസംഗിച്ചു.

മത്സ്യത്തൊഴിലാളികളെ പിക്കപ്പിൽ യാത്ര ചെയ്യാൻ അനുവദിക്കണം

കാസർകോട്: മത്സ്യബന്ധന തൊഴിലാളികളെ പിക്കപ്പു വാനുകളിൽ സഞ്ചരിക്കാൻ അനുവദിക്കണമെന്ന അവശ്യം ശക്തമാകുന്നു. ഇതു സംബന്ധിച്ച് ജില്ലാ മത്സ്യ തൊഴിലാളി കോൺഗ്രസ് പ്രസിഡണ്ട് ജി.നാരായണൻ, സാഗര സംസ്കൃതി പ്രസി.പ്രതാപ് തയ്യിൽ എന്നിവർ ജില്ലാ കലക്ടർക്കു നിവേദനം നൽകി.

കാസർകോട് മുതൽ കാഞ്ഞങ്ങാട് വരെയുള്ള കടൽതീരത്തുള്ള മത്സ്യബന്ധന തോണികൾ സുരക്ഷിതത്വം തേടി വർഷങ്ങളായി ഈ സീസണിൽ ആശ്രയിക്കുന്നത് ചെറുവത്തൂർ ഹാർബറിനെയാണ്. പിക്കപ്പ് വാനുകളിൽ ഔട്ട് ബോർഡ് എഞ്ചിനും ഇന്ധനവുമായി പോയി മത്സ്യം ബന്ധനം നടത്തി മടങ്ങുകയാണ് പതിവ്. എന്നാൽ കോവിഡ് നിയന്ത്രണപ്രകാരം ഈ രീതിയിൽ യാത്ര ചെയ്യാൻ കഴിയുമോ എന്ന ആശങ്കയിലാണ് മത്സ്യതൊഴിലാളികൾ. മത്സ്യത്തൊഴിലാളികളെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പിക്കപ്പുകളിൽ സഞ്ചരിക്കാൻ അനുവദിക്കണമെന്നും യാത്രയ്ക്കിടയിൽ പൊലീസ് നടപടി ഒഴിവാക്കണമെന്നും ഇരുവരും നിവേദനത്തിൽ ആവശ്യപ്പെട്ടു.

ഹൊസ്ദുർഗ്ഗിൽ എ.എസ്.ഐ ഉൾപ്പെടെ 4 പൊലീസുകാർക്ക് കോവിഡ്

കാഞ്ഞങ്ങാട്: ഹൊസ്ദുർഗ്ഗ് പൊലീസ് സ്റ്റേഷനിലെ എ.എസ്.ഐ ഉൾപ്പെടെ നാലു പൊലീസുകാർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. ഇതോടെ ഇൻസ്പെക്ടറും സബ് ഇൻസ്പെക്ടറുമടക്കം 25 പൊലീസുകാരോട് ക്വാറന്റൈനിൽ പോകാൻ നിർദ്ദേശം.കഴിഞ്ഞ ദിവസം കോടതി ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പൊലീസുകാരനും പിങ്ക് പൊലീസ് വാഹനത്തിൽ ഡ്യൂട്ടി ചെയ്യുന്ന വനിതാ പൊലീസുകാരിക്കും കോവിഡ് സ്ഥിരീകരിച്ചിരുന്നു. ഇതേ തുടർന്ന് സ്റ്റേഷനിലെ മറ്റു പൊലീസ് ഉദ്യോഗസ്ഥർക്കും ആന്റിജൻ ടെസ്റ്റ് നടത്തിയതോടെയാണ് എ.എസ്.ഐ ഉൾപ്പടെ മൂന്നു പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചത്. കോവിഡിന്റെ പശ്ചാത്തലത്തിൽ പൊലീസുകാരെ ഷിഫ്റ്റ് അടിസ്ഥാനത്തിലാണ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്.

ചന്തേര, കുമ്പള, ബേക്കൽ, മഞ്ചേശ്വരം പൊലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന പൊലീസ് ഉദ്യോഗസ്ഥരിൽ ചിലർക്കു നേരത്തെ കോവിഡ് സ്ഥിരീകരിച്ചിരുന്നതിനാൽ ഓഫീസർമാർ അടക്കമുള്ളവർ ക്വാറന്റൈനിലാണ്.

ശുചീകരണം നടത്തി

കട്ടത്തടുക്ക: കട്ടത്തടുക്ക കൈരളി ലൈബ്രറിയും, നെഹ്റു യുവകേന്ദ്രയും സംയുക്തമായി സംഘടിപ്പിച്ച ക്ലീൻ കട്ടത്തടുക്ക പരിപാടി കുഞ്ഞഹമ്മദ് ഉദ്ഘാടനം ചെയ്തു. ഷംസീർ ആധ്യക്ഷം വഹിച്ചു. കൃഷ്ണൻ, പി എച്ച് യൂസഫ്, മനാഫ്, റാസി, അശോകൻ, ചനിയൻ, പ്രമോദ്, അൻവർ, അബ്ബുൽ അസീസ്, അജ്വാദ് നേതൃത്വം നൽകി. എ എച്ച്. റസാഖ് സ്വാഗതവും, ജഗദീഷ് നന്ദിയും പറഞ്ഞു.

വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്ക് എതിരെ കർശന നടപടി: ഡി എം ഒ

കാസർകോട്: ജില്ലയിൽ കോവിഡ് -19 മായി ബന്ധപ്പെട്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ വ്യാജ വാർത്തകൾ സൃഷ്ടിക്കുന്നവർക്കും അത് പ്രചരിപ്പിക്കുന്നവർക്കുമെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.രാംദാസ് എ.വി അറിയിച്ചു. വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നതിന് പകരം ആരോഗ്യ വകുപ്പിന്റെ ഔദ്യോഗിക നിർദ്ദേശങ്ങളും വാർത്തകളും പരമാവധി പ്രചരിപ്പിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതിനായി എല്ലാവരും ശ്രമിക്കണമെന്നും ഡി എം ഒ പറഞ്ഞു.

നീലേശ്വരം റോട്ടറിയുടെ ബോധവൽക്കരണയാത്ര എസ്.ഐ കെ.പി സതീഷ് ഫ്ളാഗ് ഓഫ് ചെയ്യുന്നു

കോവിഡിനെതിരെ നീലേശ്വരം റോട്ടറിയും

നീലേശ്വരം: റോട്ടറി നീലേശ്വരം വ്യത്യസ്തമായ പരിപാടികളിലൂടെ ജനങ്ങളെ ബോധവത്കരിക്കാൻ തീരുമാനിച്ചു. നിശ്ചല ദൃശ്യത്തോടുകൂടിയുള്ള പ്രദർശന വാഹനം ഉപയോഗിച്ച് നാടിന്റെ നാനാ ഭാഗങ്ങളിലേക്കും പ്രതിരോധ സന്ദേശം അറിയിച്ചു. ഈ ബോധവൽക്കരണ യാത്ര 2ദിവസങ്ങളിലായി മുനിസിപ്പാലിറ്റിയിലെ എല്ലാ വാർഡുകളിലും പര്യടനം നടത്തും. യാത്ര നീലേശ്വരം സബ്ഇൻസ്പെക്ടർ സതീഷ്കെ.പി ഫ്ളാഗ് ഓഫ് ചെയ്തു. പ്രസിഡന്റ് സുജിത് കുമാർ, രാജീവൻ എന്നിവർ പങ്കെടുത്തു.

സർക്കാർ അലംഭാവം വെടിയണം: എം സി

ഉപ്പള: മഞ്ചേശ്വരം താലൂക്കാശുപത്രി വികസന കാര്യത്തിൽ സർക്കാർ അലംഭാവം വെടിയണമെന്ന് എം സി ഖമറുദ്ദീൻ എം എൽ എ ആവശ്യപ്പെട്ടു. സ്വർണ്ണക്കള്ളക്കടത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പങ്ക് അന്വേഷിക്കുക, മുഖ്യമന്ത്രി രാജി വെക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് യു ഡി എഫ് ആഹ്വാനം ചെയ്ത സത്യാഗ്രഹത്തിന്റെ ഭാഗമായി ഉപ്പള സി എച്ച് സൗധത്തിൽ സത്യാഗ്രഹമിരിക്കുകയായിരുന്നു അദ്ദേഹം. സത്യാഗ്രഹം ടി എ മൂസ ഉദ്ഘാടനം ചെയ്തു.

ജില്ലയിലെ ചികിത്സാ രംഗത്തെ പ്രശ്നങ്ങൾ; സർക്കാർ ഇടപെടണം; കേരള മുസ്ലിം ജമാഅത്ത്

കാസർകോട്: ജില്ലയിലെ ചികിത്സാ രംഗം പ്രശ്ന രഹിതമാക്കാൻ ഗവൺമെന്റ് സത്വരമായി ഇടപെടണമെന്ന് കേരള മുസ്ലിം ജമാഅത്ത് ജില്ലാ ജനറൽ സെക്രട്ടറി സുലൈമാൻ കരിവെള്ളൂർ ആവശ്യപ്പെട്ടു. ചികിത്സാ സൗകര്യവും യാത്രാ സൗകര്യവും പരിമിതമാവുകയും സാമ്പത്തിക പരാധീനത അനുഭവിക്കുകയും ചെയ്യുന്ന പൊതു സമൂഹത്തെ പ്രകോപിതരാക്കുന്ന രീതിയിലുള്ള സമീപനം സ്വകാര്യ ആശുപത്രികളുടെ ഭാഗത്ത് നിന്നുണ്ടാവരുതെന്നും ചികിത്സാ സൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് സമഗ്രമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാവണമെന്നും കേരള മുസ്ലീം ജമാഅത്ത് ജില്ലാ സെക്രട്ടറി ആവശ്യപ്പെട്ടു.

ഡ്രൈനേജിനു സ്ലാബുകളില്ല; നീലേശ്വരത്ത് അപകടങ്ങൾ തുടർക്കഥയാവുന്നു

നീലേശ്വരം: ഡ്രൈനേജിനു സ്ലാബുകളില്ലാത്തതിനാൽ അപകടങ്ങൾ തുടർക്കഥയാവുന്നു. നീലേശ്വരം നഗരസഭയിലെ ആനച്ചാൽ, കോട്ടപ്പുറം ഡിവിഷനുകളിലാണ് നടപ്പാതയില്ലാതെ ആളുകൾ അപകടത്തിൽ പെടുന്നത്. ഇതിനൊരു പരിഹാരം കാണണമെന്ന് നാട്ടുകാർ നിരന്തരം ആവശ്യപ്പെട്ടിട്ടും തിരിഞ്ഞു നോക്കാത്ത നഗരസഭാ അധികൃതർക്കെതിരെ പ്രതിഷേധമുയരുന്നു. കോട്ടപ്പുറം റോഡ് പാലം യാഥാർത്ഥ്യമായതോടെ നിരവധി വാഹനങ്ങളാണ് ഇതുവഴി ദിനേന കടന്നു പോകുന്നത്. നിരവധി പേർ നടപ്പാതയായി ഉപയോഗിക്കുന്ന സ്ലാബുകളാണ് പൊട്ടിപ്പൊളിഞ്ഞത്. ഇവിടെ വീണ് നിരവധി പേർക്ക് ഇതിനോടകം പരിക്കേറ്റിട്ടുണ്ട് കഴിഞ്ഞ ദിവസം നാട്ടുകാരനായ മധ്യവയസ്ക്കൻ ഇവിടെ വീണ് കാലിനു ഗുരുതര പരിക്കേറ്റതോടെ നാട്ടുകാരുടെ പ്രതിഷേധം ശക്തമായി.

യുഎസ്എസ് സ്കോളർഷിപ്പ് നേടിയ തൃക്കരിപ്പൂർ സെന്റ് പോൾസ് എയുപി സ്കൂളിലെ വിദ്യാർത്ഥികൾ മെഹ്റ തസ്നീം യു. പി.ടി,അനന്ദ ഗോവിന്ദ് പി.പി, അനിരുദ്ധ് വി, കൃഷ്ണപ്രിയ കെ.കെ, സാനിഫ എം, പൂജാകൃഷ്ണ.പി, ഫറാഹ്, ആദർശ് മനോജ്, ആദിത്യ കെ.വി, ഷഫ്ന അബ്ദുൾ കബീർ, ഷസ്മീൻ അബ്ദുൾ ഷുക്കൂർ, തേജാലക്ഷ്മി പി.വി, അനുലക്ഷ്മി എം.

ഓൺലൈൻ പഠനത്തിന് ടിവിയും കേബിൾ കണക്ഷനും നൽകി

ബേക്കൽ: ഓൺലൈൻ പഠനസൗകര്യമില്ലാത്ത ഫിഷറീസ് ഗവ.സ്കൂൾ കുട്ടികൾക്ക് ടിവിയും കേബിൾ കണക്ഷനും നൽകി. ഉദുമ ഗ്രാമ പഞ്ചായത്തിലെ കോട്ടിക്കുളം ബീച്ച് റോഡ് അങ്കൻവാടി ഹാളിൽ ടിവിയും കേബിൾ കണക്ഷനും സാമൂഹ്യ പ്രവർത്തകരുടെ സഹായത്തോടെയാണ് സ്ഥാപിച്ചു നൽകിയത്. കോട്ടിക്കുളം ഗവൺമെന്റ് ഫിഷറീസ് യൂപി സ്കൂളിലെ പന്ത്രണ്ടോളം കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. ടി വി വിതരണ ഉദ്ഘാടനം ബേക്കൽ സർക്കിൾ ഇൻസ്പെക്ടർ പി. നാരായണൻ സ്കൂൾ എച്ച് എം ശോഭ ടീച്ചർക്ക് നൽകി നിർവഹിച്ചു.

അഡീഷണൽ എസ് ഐ വേണുഗോപാൽ, സി. കെ നാസർ, കാദർ കരിപ്പൊടി, കെ ദിനേശൻ, സുരേഷ് കുമാർ, എ വി ബിന്ദു, പി അജിത്ത്, ഹോംഗാർഡ് പി കെ ജയൻ തുടങ്ങിയവർ സംബന്ധിച്ചു. മേൽപറമ്പ് കട്ടക്കാലിലെ നിർദ്ധന കുടുംബത്തിലെ കുട്ടികളുടെ പഠനത്തിനും ചടങ്ങിൽ വെച്ച് ടി വി നൽകി. കോട്ടിക്കുളത്തെ കുട്ടികളുടെ വിഷയം ഹോം ഗാർഡ് ജയനാണ് സാമൂഹ്യ പ്രവർത്തകനായ സികെ നാസറിന്റെ ശ്രദ്ധയിൽ കൊണ്ട് വന്നത്. കാദർ കരിപ്പോടിയാണ് ടി വികൾ സ്പോൺസർ ചെയ്തത്.

ഓൺലൈൻ പഠനസൗകര്യമില്ലാത്ത ഫിഷറീസ് ഗവൺമെന്റ് സ്കൂൾ കുട്ടികൾക്ക് ടി വി വിതരണ ഉദ്ഘാടനം ബേക്കൽ സർക്കിൾ ഇൻസ്പെക്ടർ പി. നാരായണൻ സ്കൂൾ എച്ച് എം ശോഭ ടീച്ചർക്ക് നൽകി നിർവ്വഹിക്കുന്നു.

കർണാടക എൻട്രൻസ് പരീക്ഷ; ബംഗളൂരുവിലേക്ക് ബസ് സൗകര്യമൊരുക്കി എം.എസ്.എഫ്

കാസർകോട്: കർണാടക എൻട്രൻസ് പരീക്ഷ എഴുതുന്ന കാസർകോട് നിന്നുള്ള വിദ്യാർത്ഥികൾക്ക് എം.എസ്.എഫ് ജില്ലാ കമ്മിറ്റി ബസ് സർവീസ് സൗകര്യമൊരുക്കി. കോവിഡ് വ്യാപനവും, യാത്രാ ബുദ്ധിമുട്ടും മൂലം ബംഗളൂരു എക്സാം സെന്റർ ലഭിച്ച ഒട്ടേറെ വിദ്യാർത്ഥികൾ നേരെത്തെ ആശങ്കയിലായിരുന്നു.

പതിനെട്ട് വിദ്യാർത്ഥികൾക്കും, അവരുടെ രക്ഷിതാക്കൾക്കുമാണ് എല്ലാ സുരക്ഷാ മാനദണ്ഡങ്ങളോടെയും ബംഗളൂരുവിലേക്ക് ബസ് സൗകര്യമൊരുക്കിയത്. ഭക്ഷണവും, റൂം സൗകര്യവും, സുരക്ഷാ കിറ്റുകളും ജില്ലാ കമ്മിറ്റി ഒരുക്കി. പുതിയ ബസ്സ്റ്റാന്റിൽ എൻ എ നെല്ലിക്കുന്ന് എം എൽ എ ഫ്ളാഗ് ഓഫ് ചെയ്തു. എം എസ് എഫ് ജില്ലാ പ്രസിഡന്റ് അനസ് എതിർത്തോട്, ജനറൽ സെക്രട്ടറി ഇർഷാദ് മൊഗ്രാൽ, സെക്രട്ടറിമാരായ സയ്യിദ് താഹ, അഷ്റഫ് ബോവിക്കാനം, മറ്റു മണ്ഡലം-പഞ്ചായത്ത് ഭാരവാഹികളായ ശാനിഫ് നെല്ലിക്കട്ട, ജലീൽ അണങ്കൂർ, ജംഷീർ മൊഗ്രാൽ, അജ്മൽ മിർഷാൻ, മുനവ്വർ സാഹിദ് സന്നിഹിതരായി. ബംഗ്ളൂരുവിൽ എം എസ് എഫ് സംസ്ഥാന ട്രഷറർ സി കെ നജാഫ്, റുവൈസ് ആരിക്കാടി എന്നിവർ വിദ്യാർത്ഥികളെ സ്വീകരിക്കുകയും വിവിധ പരീക്ഷ കേന്ദ്രങ്ങളിലെത്തിക്കുകയും ചെയ്തു. ബിൽഡ്അപ്പ് കാസർകോടിന്റെ സഹകരണവും ഉണ്ടായിരുന്നു.

എം.എസ്.എഫ് ഒരുക്കിയ ബസ്സിന്റെ ഫ്ളാഗ് ഓഫ് പുതിയ ബസ്സ്റ്റാന്റിൽ എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ നിർവ്വഹിക്കുന്നു

തൊഴിൽ നിഷേധം: സോളാർ പാർക്കിൽ തൊഴിലാളികളുടെ സമരം

മാവുങ്കാൽ :കാരാക്കോട് വെള്ളൂട സോളാർ പാർക്കിൽ വർഷങ്ങളായി ജോലി ചെയ്യുന്ന സെക്യൂരിറ്റി തൊഴിലാളികൾക്കു കൊറോണക്കാലത്തു തൊഴിൽ നിഷേധിച്ചതിൽ പ്രതിഷേധിച്ച് സംയുക്ത തൊഴിലാളി യൂണിയൻ സോളാർ ഓഫീസിന് മുന്നിൽ സമരം നടത്തി.

ബി.എം.എസ്. ജില്ലാ സെക്രട്ടറി സത്യനാഥ്,ബി.ജെ.പി. ജില്ലാ ജന.സെക്രട്ടറി എ.വേലായുധൻ, ഇ.കൃഷ്ണൻ, പി. മനോജ് കുമാർ, എം.കുഞ്ഞമ്പു, വിജയൻ പ്രസംഗിച്ചു.

തൊഴിൽ നിഷേധത്തിനെതിരെ വെള്ളൂട സോളാർ പാർക്കിൽ തൊഴിലാളികളാരംഭിച്ച സമരം

വൈറ്റ് ഗാർഡ് പ്രവർത്തകർക്ക് കിറ്റ് നൽകി

കാഞ്ഞങ്ങാട്:യു .എ.ഇ സൗത്ത് ചിത്താരി കെ.എം.സി.സി സൗത്ത് ചിത്താരി വൈറ്റ് ഗാർഡ് പ്രവർത്തകർക്ക് ആവശ്യമായ ഹെൽമെറ്റ്,സേഫ്റ്റി ഷൂ,സേഫ്റ്റി ഗ്ലൗസ് ,മറ്റ് സേവനത്തിനാവശ്യമായ ഉപകരണങ്ങൾ എന്നിവ അടങ്ങിയ കിറ്റ് നൽകി.

കെഎംസിസി പ്രതിനിധി ശിഹാബ് കുന്നുമ്മൽ വൈറ്റ് ഗാർഡ് ക്യാപ്റ്റൻമാരായ സി.എം.ഹാരിസ്,മുർഷിചിത്താരി എന്നിവർക്ക് കൈമാറി. മുസ്ലിംലീഗ് വാർഡ് ആകുങ്ങ് പ്രസിഡന്റ് സി.കെ. അസീസ്,ബഷീർ ചിത്താരി,സി.കെ.ഇർഷാദ്,സമീൽ റൈറ്റർ,ജംഷീദ് കുന്നുമ്മൽ,റിയാസ് തായൽ,മുഹമ്മദ്കുഞ്ഞിതൊട്ടിയിൽ,സി.കെ. റാഷിദ്,റാഫിതായൽ,പി.എം. സഫ്ഹാൻ,സഫ്ഹാൻ തായൽ,മുഫ്സീർ,ഇല്യാസ് ചിത്താരി പങ്കെടുത്തു.

കേരള കേന്ദ്ര സർവകലാശാലയിൽ നിന്നും അധ്യാപക ബിരുദാനന്തര ബിരുദ പഠനത്തിൽ(എം.എഡ്) ഉന്നത വിജയം നേടിയ നിർമ്മല.

ആലംപാടി മുള്ളംപാടിയിലെ പരേതരായ ഭൈരൻ-ഭവാനി ദമ്പതികളുടെ മകളാണ്. ദേശീയ തലത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ് സ് കമ്മീഷൻ നടത്തുന്ന നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് തുടർച്ചയായി 3 പ്രാവശ്യം കരസ്ഥമാക്കിയിട്ടുണ്ട്.

കാലിക്കടവ് ജവഹർ ചാരിറ്റബിൾ ട്രസ്റ്റ് സാന്ത്വന സഹായം കൈമാറുന്നു

ജവഹർ സാന്ത്വനം കൈത്താങ്ങ്

പിലിക്കോട്: കാലിക്കടവ് ജവഹർ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ സാന്ത്വനം പദ്ധതിയിൽ രോഗം മൂലം വിഷമിക്കുന്ന മടിവയലിലെ പി.വി. ടി. നളിനിക്ക് സഹായധനം വിതരണം ചെയ്തു.

പ്രതിമാസം 1000 രൂപയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ ഒരു വർഷക്കാലം നൽകുന്ന പദ്ധതിയാണ് നളിനിക്ക് നൽകുന്നത്. ട്രസ്റ്റ് ചെയർമാൻ കെ. കുഞ്ഞികൃഷ്ണനും ജനറൽ സെക്രട്ടറി എ.വി.രാജനും പദ്ധതിയുടെ കാർഡ് വിതരണം ചെയ്തു.

ബാർബർഷോപ്പ് നവീകരണത്തിന് ധനസഹായം

കാസർകോട്: പരമ്പരാഗതമായി ബാർബർ തൊഴിലിൽ ഏർപ്പെട്ട ഒ.ബി,സി വിഭാഗത്തിൽപ്പെട്ടവർക്ക് പിന്നാക്ക സമുദായ വികസന വകുപ്പ് മുഖേന സർക്കാർ നടപ്പിലാക്കുന്ന ബാർബർ ഷോപ്പുകളുടെ നവീകരണത്തിനുള്ള ധനസഹായ പദ്ധതിയിലേക്ക അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. നിലവിൽ ബാർബർ ഷോപ്പ് നടത്തുന്നവർ അപേക്ഷയും അനുബന്ധ രേഖകളും സാക്ഷ്യപത്രങ്ങളും സഹിതം തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയ്ക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ അജാനൂർ ഇഖ്ബാൽ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 1980 -86 ബാച്ച് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ ഏർപ്പെടുത്തിയ ഉപഹാരങ്ങൾ ഗ്രൂപ്പിന്റെ പ്രതിനിധി സമീറ ഖാദർ നൽകുന്നു.

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്

ഫോൺ: 04998272916, 272673, പിൻ:671323,
ഇമെയിൽ: bdo.manjeswar@gmail.com

നം:എ – 2082/2019 തീയ്യതി: 04/08/2019

2019 – 20 പ്രകൃതിക്ഷോഭം കാലവർഷക്കെടുതി ദുരന്ത നിവാരണ പ്രവർത്തികൾക്ക് പോസ്റ്റൽ ടെണ്ടർ ക്ഷണിക്കുന്നു

പോസ്റ്റൽ ടെണ്ടർ : 15 പ്രവൃത്തികൾ
പോസ്റ്റൽ ടെണ്ടർ ഫോറം വിൽക്കുന്ന തീയ്യതി : 19 – 08 – 2020 ന് ഉച്ചയ്ക്ക് 2 മണിവരെ
പോസ്റ്റൽ ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി : 25 – 08 – 2020ന്
പോസ്റ്റൽ ടെണ്ടർ തുറക്കുന്ന തീയ്യതി : 25 – 08 – 2020ന് ഉച്ചക്ക് 3 മണിക്ക്

വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യാലയത്തിൽ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ. എസ്. ജി. ഡി മഞ്ചേശ്വരം ആഫീസിൽ നിന്നും താഴെ പറയുന്ന വെബ് സൈറ്റിൽ നിന്നും അറിയാവുന്നതാണ്. www.tender.lsgdkerala.gov.in

ഒപ്പ്, ബ്ലോക്ക് ഡവലപ്മെന്റ് ആഫീസർ,
മഞ്ചേശ്വരം